VII. അനൗദ്യോഗികാംഗങ്ങളുടെ കാര്യം

അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ഇരുപത്തിയെട്ടാമത് റിപ്പോർട്ട് പരിഗണന

ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് : സർ, അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ഇരുപത്തിയെട്ടാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്) : സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

VIII. ക്രമപ്രശ്നം

ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയത്തിന്റെ തുടർ ചർച്ച സംബന്ധിച്ച്

ശ്രീ. ടി.എം. ജേക്കബ് : സർ, റിപ്പോർട്ട് അവതരിപ്പിച്ചിരിക്കുകയാണ്. പരിഗണിക്കുന്നതിനുമുമ്പ് ഒരു കാര്യം പറയാനുണ്ട്. സമിതി ചെയർമാൻ എന്നുള്ള നിലയിലാണ് ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് റിപ്പോർട്ടു അവതരിപ്പിച്ചിരിക്കുന്നത്. ഇന്നത്തെ ഈ അജണ്ടയിൽ 6(2), 6(3) അങ്ങനെ രണ്ടായി വന്നിട്ടുണ്ട്. അതിൽ മൂന്നിനെ സംബന്ധിച്ചാണ് എനിക്കു പറയാനുള്ളത്. താഴെപ്പറയുന്ന ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയത്തിന്റെ തുടർ ചർച്ച. അതിൽ മൂന്നു ബില്ലുകളുണ്ട് നമ്മുടെ നിയമസഭയിൽ ഇപ്പോൾ പ്രൈവറ്റ് മെമ്പേഴ്സ് ബില്ലുകൾ ധാരാളം വരുന്നുണ്ട്. ഇവിടത്തെ രീതിവച്ച് ഒരു ബില്ലിൻമേലും ഒരു തീരുമാനവും ഉണ്ടാകാതെ പോയിക്കൊണ്ടിരിക്കുകയാണ്. നടന്നുപോകുന്ന ആട് ഇല കടിച്ചുപോകുന്നതുപോലെയാണ് നമ്മുടെ പ്രൈവറ്റ് മെമ്പേഴ്സ് ബിൽസിന്റെ ഇപ്പോഴത്തെ സ്ഥിതി. ചട്ടം 71 അനുസരിച്ച് Motion for leave to introduce Bill to oppose. അതാണ് ഇവിടെ സാധാരണ നടക്കുന്നത്. If motion for leave to introduce a Bill is opposed, the Speaker after permitting, if he thinks fit, a brief explanatory statement from the member who moves and from the member who opposes the motion, may without further debate, put the question. എന്നാണ് പറയുന്നത്. ഇതിന് സമയപരിമിതികൾ ഏറെയുണ്ട്. നേരത്തെയുണ്ടായിരുന്ന ഒരു കൺവെൻഷൻ എന്നുപറയുന്നത്, ബില്ലുകൾ കുറവായിരുന്നു. അതുകൊണ്ട് ചർച്ചകൾ നീണ്ടുപോയി. ഞാൻ തന്നെ എത്രയോ സെക്ഷനുമുൻപ് ഒരു ബിൽ അവതരിപ്പിച്ചു. അത് എവിടെയാണെന്ന് എനിക്ക് ഒരു നിശ്ചയവും ഇല്ല. എന്നെപ്പോലുള്ള പല മെമ്പേഴ്സും അവതരിപ്പിച്ച ബില്ലുകളും ഒരു ദിവസം എടുത്തു. പിന്നെ അത് അങ്ങനെയിട്ടിരിക്കുകയാണ്. അതിന് ഒരു അവസാനവും ഇല്ല. അതുകൊണ്ട് പ്രൈവറ്റ് മെമ്പേഴ്സ് ബില്ലിന്റെ എണ്ണം കൂടിവരുന്ന ഈ സാഹചര്യത്തിൽ, ബില്ലുകളെ സംബന്ധിച്ചിടത്തോളം എടുക്കുന്ന ബില്ലുകൾ ഒപ്പോസ് ചെയ്യുകയാണെങ്കിൽ അതിനെ സംബന്ധിച്ചുള്ള തീരുമാനം അതാതു ദിവസങ്ങളിൽ തന്നെ എടുത്താൽ അതിന് ഒരു അവസാനം ഉണ്ടാകും. അല്ലെങ്കിൽ ഇത് ഇങ്ങനെ അക്യുമിലേറ്റ് ചെയ്ത് വലിയ നമ്പറായിട്ട് മാറും. ആ ഒരു പ്രവണത നമ്മുടെ സഭയിൽ നിലനിൽക്കുന്നതുകൊണ്ട് അങ്ങളുടെ ഒരു റൂളിംഗ് ഈ കാര്യത്തിൽ ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly